/148978/2023

# മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം –തിരുവനന്തപുരം – സാങ്കേതികവിഭാഗം – എറണാകുളം ജില്ല –കൊച്ചി നഗരസഭ തോപ്പുംപടി വില്ലേജ് പെട്രോളിയം സ്റ്റോറേജ് ടാങ്ക് അനുബന്ധ നിർമ്മാണങ്ങൾ - കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൊച്ചി നഗരസഭ സെക്രട്ടറിയുടെ 30/05/2023 ലെ FCP2/2123/21 നമ്പർ കത്ത്.
2. എറണാകുളം ജില്ലാ ടൗൺപ്ലാനറുടെ 20/10/2023 ലെ LSGD/JD/ EKM/3669/ 2023-PLG-4 നമ്പർ കത്ത്

==============================================================

## കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

**ഉത്തരവ്. നം. LSGD/PD/44207/2023-TCPA2 തീയതി:11-12-2023**

==============================================================

എറണാകുളം ജില്ലയിലെ കൊച്ചി നഗരസഭ പരിധിയിലുള്ള തോപ്പുപടി വില്ലേജിൽ സർവ്വേ നമ്പർ 2578/4-ൽ ഉൾപ്പെട്ട 4.79 ഏക്കർ സ്ഥലത്ത് നിലവിലുള്ള പെട്രോളിയം ഉത്പന്നങ്ങൾക്ക് വേണ്ടിയുള്ള ടാങ്കുകളും അനുബന്ധ നിർമ്മാണങ്ങളുടെയും Extension ആയി പെട്രോളിയം സ്റ്റോറേജ് ടാങ്ക് , അനുബന്ധ നിർമ്മാണങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ Konkan Storage System Pvt Ltd-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി Structure plan for Central City of Kochi പ്രകാരം കൺകറൻസ്, അംഗീകാരം നൽകി ഉത്തരവാകുന്നു.

## നിബന്ധനകൾ

1. KMBR 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
2. നിർദ്ദിഷ്ട നിർമ്മാണം KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
3. പ്ലോട്ടിന് ചുറ്റുമുള്ള റോഡുകൾക്ക് 7 മീറ്റർ ചുരുങ്ങിയ വീതി ലഭ്യമാണെന്ന്

നഗരസഭ ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ടി റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടതും ടി റോഡിൽ അനുഭവപ്പെടുന്ന ഇന്ധനം നിറക്കാനെത്തുന്ന വാഹനങ്ങളുടെ അനിയന്ത്രിതമായ പാർക്കിംഗ് ഒഴിവാക്കി, റോഡിന്റെയും പ്രദേശത്തിന്റെയും സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതാണ്.

4. നിർമ്മിക്കാനുദ്ദേശിക്കുന്ന വാട്ടർ ടാങ്കിന് പ്ലോട്ട്/ റോഡതിരിൽ നിന്നും 3 മീറ്റർ ചുരുങ്ങിയ സെറ്റ് ബാക്ക് ഉറപ്പു വരുത്തേണ്ടതാണ്.
5. നിർമ്മാണ സ്ഥലത്തിന് CRZ ചട്ടങ്ങൾ ബാധകമാണെങ്കിൽ CRZ NOC ലഭ്യമാക്കണം.
6. പ്ലോട്ടിൽ നിലവിൽ ഉള്ള എല്ലാ നിർമ്മാണങ്ങളും അംഗീകൃതമാണെന്ന് നഗരസഭ സെക്രട്ടറി ഉറപ്പാക്കണം.
7. Flood mitigation measures നിർമ്മാണത്തിലും പ്ലോട്ടിലും ഏർപ്പെടുത്തിയിരിക്കേണ്ടതാണ്.

–

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, കൊച്ചി നഗരസഭ, എറണാകുളം
പകർപ്പ്:-

1. Konkan Storage System (Kochi) Pvt Ltd, South End Reclamation, Matsyapuri.P.O, Willingdon Island, Kochi-682029.
2. ജില്ലാ ടൗൺപ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം